**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 87** **04-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ പോലീസ് സേനയുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. എ. രാജ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പോലീസ് സേനയെ രാജ്യത്തെ ഏറ്റവും മികവുറ്റ സേനയാക്കി നിലനിർത്തുന്നതിന് എന്തെല്ലാം ശാക്തീകരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വിശദമാക്കുമോ; | (എ) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ക്രമസമാധാനപാലനം മെച്ചപ്പെടുത്തുന്നതിനു കൂടുതൽ സബ്ഡിവിഷനുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ക്രമസമാധാനപാലനം മെച്ചപ്പെടുത്തുന്നതിനായി സ.ഉ.(കൈ)നം.35/2021/ആഭ്യന്തരം, തീയതി 10.02.2021 പ്രകാരം 25 പുതിയ സബ് ഡിവിഷനുകൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | സ്ത്രീകൾ, വയോജനങ്ങൾ, കുട്ടികൾ എന്നിവർക്കു കൂടുതൽ സുരക്ഷ ഉറപ്പാക്കുന്നതിനായി പ്രത്യേകം പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. സ്ത്രീകൾ, വയോജനങ്ങൾ, കുട്ടികൾ എന്നിവർക്ക് കൂടുതൽ സുരക്ഷ ഉറപ്പാക്കുന്നതിനും പരാതി നൽകുന്നതിനുമായി പ്രത്യേക സംവിധാനം പോലീസ് ഒരുക്കിയിട്ടുണ്ട്. പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ അറിയിക്കാം. പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ശ്രീമതി. ആർ. നിശാന്തിനി ഐ.പി. എസ്-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതികൾ 9497999955 എന്ന നമ്പരിൽ നേരിട്ട് നോഡൽ ഓഫീസറെ അറിയിക്കാവുന്നതുമാണ്. കൂടാതെ ഗാർഹിക പീഡനങ്ങൾ നിയന്ത്രിക്കുന്നതിനും ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനുമായി പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ് 2021 ജൂലൈ 19-ന് നിലവിൽ വന്നു. ഈ പദ്ധതി പ്രകാരം പിങ്ക് പോലീസ് ടീം, പിങ്ക് പട്രോൾ വെഹിക്കിൾ, മോട്ടോർ സൈക്കിൾ എന്നിവയിൽ വനിതാ പോലീസ് ഉദ്യോഗസ്ഥർ വീടുകളിൽ പോയി ഇത്തരത്തിൽ സ്ത്രീകൾക്കും, കുട്ടികൾക്കുമെതിരെയുള്ള |

| | | | |
|---|---|---|---|
| | | | പീഡനങ്ങൾക്കെതിരെ ബോധവൽക്കരണവും ആവശ്യമായ നിയമ സഹായവും നൽകി വരുന്നു. ഇതിന് പുറമെ 2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ, സ്ത്രീസൗഹൃദ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ലിംഗ വിവേചനത്തിനെതിരെയുള്ള അവബോധനത്തിനുമായി 5.5 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. പിങ്ക് കൺട്രോൾ റൂമുകൾക്ക് 7 വാഹനങ്ങൾ വാങ്ങുന്നതിന് 43 ലക്ഷം രൂപയും Women Victim Support Scheme-ന് 15 ലക്ഷം രൂപയും self Defence Programmes & Training-ന് 50 ലക്ഷം രൂപയും നിർഭയ വോളന്റീയർസിനുള്ള പ്രതിഫലത്തിനായി 12 ലക്ഷം രൂപയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്ലാനിൽ സംസ്ഥാനത്തെ 80 പോലീസ് സ്റ്റേഷനുകൾ സ്ത്രീ-ശിശു സൗഹൃദമാക്കുന്നതിനും വനിതാ പോലീസ് ഉദ്യോഗസ്ഥർക്കായി മോഡുലാർ ടോയ് ലറ്റ്സ്ഥാപിക്കുന്നതിനും Napkin Vending Machine/ Incinerators വാങ്ങുന്നതിനുമായി 400 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ഉത്തരവാദിത്തപൂർണമാക്കുന്നതിനും ചില പോലീസുദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള ആശാസ്യമല്ലാത്ത പ്രവർത്തനങ്ങൾ ഒഴിവാക്കുന്നതിനുമുൾപ്പെടെ സഹായകരമായ തരത്തിൽ എല്ലാ സ്റ്റേഷനിലും സി.സി.ടി.വി. സ്ഥാപിക്കാൻ നടത്തുന്ന പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്തെ 520 പോലീസ് സ്റ്റേഷനുകളിൽ CCTV ക്യാമറ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സി.സി.ടി.വി. സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

• 2021-22 വർഷത്തിൽ പോലീസ് വകുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രോജക്ട്, തിരുവനന്തപുരത്ത് സൈബർ സെക്യൂരിറ്റി സെന്റർ എന്നിവ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

• സംസ്ഥാനത്ത് 15 പുതിയ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

• സൈബർക്രൈം അനാലിസിസ്സിലെ പുതിയ പ്രവണതകൾക്ക് അനുസൃതമായി സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സൈബർ ഇടങ്ങളിലെ ക്രിമിനൽ പ്രവണതകൾ ഫലപ്രദമായി കൈകാര്യം ചെയ്യുവാനും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, എന്നിവിടങ്ങളിലെ സൈബർ ഡോമുകളെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

• 2021-22 വർഷത്തിൽ 12 പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. പുളിക്കീഴ്, പെരുനാട്, മൂഴിയാർ(പത്തനംതിട്ട), വിയ്യപുരം(ആലപ്പുഴ), വാഗമൺ, മുല്ലപ്പെരിയാർ(ഇടുക്കി), പന്തീരങ്കാവ്(കോഴിക്കോട് സിറ്റി), മുഴക്കുന്ന്, മട്ടന്നൂർ, ആലക്കോട്(കണ്ണൂർ), തങ്കമണി(ഇടുക്കി), എഴുകോൺ(കൊല്ലം റൂറൽ) എന്നിവയാണ്.

• 2021 - 22 വർഷത്തിൽ ആലപ്പുഴ, എറണാകുളം റൂറൽ, മലപ്പുറം, കണ്ണൂർ സിറ്റി എന്നീ ജില്ലാ പോലീസ് ഓഫീസുകൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

• കോഴിക്കോട് ആസ്ഥാനമാക്കി 6-ാമത് സായുധ പോലീസ് ബറ്റാലിയൻ ആരംഭിച്ചിട്ടുണ്ട്.

• തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, തൃശ്ശൂർ റൂറൽ, എന്നിവിടങ്ങളിൽ പുതിയ ജില്ലാ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും കൊല്ലം സിറ്റി, ഇടുക്കി, പത്തനംതിട്ട, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ പുതിയ ജില്ലാ കൺട്രോൾ റൂമുകൾ നിർമ്മിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

• ഗുരുവായൂർ ടെംപിൾ പോലീസ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും തിരുവനന്തപുരത്ത് പോലീസ് ടെക്നോളജി സെന്ററിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

• നിലവിൽ 803 സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് പദ്ധതി (SPC) പ്രവർത്തനം നടത്തുകയും, 2021-22 വർഷത്തിൽ SPC പദ്ധതി 165 സ്കൂളുകളിൽ കൂടി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

• സ്കൂൾപഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവന്ന കുട്ടികൾക്ക് ആവശ്യമായ മാനസിക-സാമൂഹിക പിന്തുണ നൽകുന്നതിനായി ഹോപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. Children & Police (CAP) programme കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

• കേരളാ റെയിൽവേ പോലീസ്, കേരളാ ആംഡ് പോലീസ് ബറ്റാലിയൻ തുടങ്ങിയവയ്ക്ക് സമാനമായി "കോസ്റ്റൽ പോലീസ് ഡിവിഷൻ" രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

• ഇന്ത്യയിൽ ചാരപ്രവർത്തനം, വിധ്വംസക- അട്ടിമറി പ്രവർത്തനങ്ങൾ തുടങ്ങിയ നിയമവിരുദ്ധവും, അപകടകരവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദേശ

ഏജൻസികളെ തകർക്കുവാനും, പ്രതിരോധിക്കുവാനുമായി പോലീസ് വകുപ്പിൽ ഒരു "Counter Intelligence Cell- രൂപം നൽകുവാൻ സംസ്ഥാന പോലീസ് മേധാവി ശുപാർശ ചെയ്തിട്ടുണ്ട്.

- സൈബർകേസുകൾ പ്രത്യേകമായി കൈകാര്യം ചെയ്യുന്നതിലേക്ക് സൈബർ ഓപ്പറേഷൻ വിംഗ്&സൈബർ ഇൻവെസ്റ്റിഗേഷൻ ആൻഡ് റിസർച്ച് അനാലിസിസ് ഡിവിഷൻ, സാമ്പത്തിക കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിലേക്ക് എക്കണോമിക് ഒഫൻസ് വിംഗ് എന്നിവ ആരംഭിക്കും.

<u>പോലീസ് സേനയുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിന് നിരവധി പദ്ധതികൾ കേന്ദ്രസംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ആവിഷ്കരിച്ച് വരുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.</u>

ക്രമസമാധാനപാലനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി കൂടുതൽ വാഹനങ്ങൾ_ (ഫോർ വീലർ, ബസ്, ലോറി, ബുള്ളറ്റ് പ്രൂഫ് കാർ തുടങ്ങിയവയും) വാട്ടർ കാനോൻ, വാട്ടർ ടാങ്കർ, ആംബുലൻസ് എന്നിവയും മറ്റു ഉപകരണങ്ങളായ ലാത്തി, ഹെൽമെറ്റ്, ബോഡി പ്രൊട്ടക്ടീവ് ഗിയർ,പോളികാർബണേറ്റ്ഷീൽഡ് തുടങ്ങിയവയും വാങ്ങിയിട്ടുണ്ട്.

ട്രാഫിക് പോലീസിനെ ശാക്തീകരിക്കുന്നതിനായി ട്രാഫിക് ഉപകരണങ്ങളായ സ്പീഡ് റഡാർ, ജാക്കറ്റ്, ബാറ്റൺ, ആൽക്കോമീറ്റർ എന്നിവ വാങ്ങിയിട്ടുണ്ട്.

ശാസ്ത്രീയ കുറ്റാന്വേഷണം ശാക്തീകരിക്കുന്നതിനായി സയന്റിഫിക് ഉപകരണങ്ങളായ DNA Sequencer, Advanced equipment for document examination, Digital Zoom Static Microscope, FTIR Spectrometer, Refractometer, PCR Machine, Ultra low temperature freezer, Refrigerated centrifuge, UV VIS Spectro Meter, Automated DNA Extraction System, Gas Chromatograph with Mass Spectrometer System (GCMS), Rotary Evaporator, Energy Dispersive X-Ray Fluorescence Spectrometer (EDXRF), Mobile Compactor Storage, Fume Hood, തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലാബിലേക്ക് ലഭ്യമാക്കുകയുണ്ടായി.

അത്യാധുനിക സാങ്കേതിക വിദ്യയിലുള്ള Vehicle mounted GPS system, Unmanned Aerial Vehicle തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്. ജീവഹാനി കൂടാതെ സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനും നിർവീര്യമാക്കുന്നതിനുമുള്ള Robotic Mobile Explosive Cutter Vehicle, Unmanned Aerial Vehicle, BDDS ടീമിന് ആവശ്യമായ Bomb suit, Explosive Detector, Portable X Ray Machine, Dangerous Liquid Detector, Vehicle Mounted X Ray Baggage Inspection System തുടങ്ങിയവയും വാങ്ങുകയുണ്ടായി.

നിലവിലെ അനലോഗ് ടെലി-ഉപകരണങ്ങൾക്ക് പകരം അത്യാധുനിക രീതിയിലുള്ള ഡിജിറ്റൽ റേഡിയോ കമ്യൂണിക്കേഷൻ സിസ്റ്റം തൃശ്ശൂർ ജില്ലയിൽ ആവിഷ്കരിക്കാനുള്ള നടപടികൾ പൂർത്തിയായിവരുന്നു. Finger Print Bureau digitize ചെയ്യുന്നതിലേക്കായി Automated Fingerprint Identification System (AFIS) നടപ്പിലാക്കിയിട്ടുണ്ട്.

കാമ്പസ് വൈഫൈ, സ്മാർട്ട് ക്ലാസ് മുറികൾ, ഇ-ലേണിംഗ് സൗകര്യങ്ങൾ എന്നിവയുള്ള ഇ-അക്കാദമിയായി കേരള പോലീസ് അക്കാദമിയെ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്മാർട്ട് ക്ലാസ് മുറികൾ ഓൺലൈൻ പരീക്ഷാ മൊഡ്യൂൾ, പരിശീലന ലാബ്, സൈബർ ലാബ്, ബാഫിൾ റേഞ്ച്, ഡ്രിൽ നഴ്സറി, ചോദ്യം ചെയ്യൽ പരിശീലനകേന്ദ്രം എന്നിവയും സ്ഥാപിച്ചിട്ടുണ്ട്.

തെരഞ്ഞെടുക്കപ്പെട്ട 274 പോലീസ് സ്റ്റേഷനുകളിലെ Lock-up ലും Entrance-ലും സി.സി.ടി.വിക്യാമറകളും കൂടാതെ 13 ജില്ലാ പോലീസ് ഓഫീസുകളിലും പോലീസ് ആസ്ഥാനത്തും സി.സി.ടി.വി ക്യാമറ മോണിറ്ററിംഗ് സിസ്റ്റം എന്നിവയും സ്ഥാപിച്ചിട്ടുള്ളതാണ്.

അത്യാധുനിക സാങ്കേതിക വിദ്യയിലുള്ള ബോഡി വോൺ ക്യാമറകൾ, സിസിടിവി ക്യാമറകൾ, Traffic signal system, Traffic enforcement ഉപകരണങ്ങൾ, Traffic ഗെയിമിങ് ആപ്ലിക്കേഷനുകൾ തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്.

കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും ക്രമസമാധാനം നിലനിർത്തുന്നതിനും മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പ് വരുത്തുന്നതിനും, Trace my trip, Nearest /Jurisdictional Police Station, SOS: Panic message Chat Bot for Public service, Offence reporting, Citizen services, Traffic guru തുടങ്ങിയ applications നടപ്പിലാക്കിയിട്ടുള്ളതും ആയവ integrate ചെയ്തിട്ടുള്ളതുമാണ്.

തീരദേശസുരക്ഷയ്ക്കും, LWE/മാവോയിസ്റ്റ് ബാധിത പ്രദേശങ്ങളിൽ സുരക്ഷയുടെ ഭാഗമായി നൂതന സാങ്കേതിക വിദ്യയിലുള്ള സാറ്റലൈറ്റ് ഫോണുകൾ വാങ്ങി നൽകിയിട്ടുണ്ട്.

Cyber Crime Prevention Against Women and Children (CCPWC) Project: സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചു വരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി കേന്ദ്രസർക്കാർ സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് CCPWC പ്രോജക്റ്റ്. ഇതിന്റെ ഭാഗമായി കേരള പോലീസ് അക്കാദമിയിൽ ഒരു സൈബർഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിങ് സെൻറർ ആരംഭിച്ചിട്ടുണ്ട്.

ശബരിമലയിലെ സുരക്ഷ കൂടുതൽ സ്വീകരിക്കുന്നതിന് വേണ്ടി Door Frame Metal Detector, Hand Held Metal Detector, Search Light, Prodder, Extension Mirror, Portable X ray baggage scanner, Mine Sweeper, Non Linear Junction Detector, Modern Security Cameras, CCTV cameras എന്നിവ വാങ്ങി നൽകിയിട്ടുണ്ട്.

KANSAF (Kerala Anti Narcotic Special Action Force) സ്കീം 2016-17 പ്രകാരം Mahindra TUV, Motor Cycles Hero Achiever എന്നീ വാഹനങ്ങളും, Photocopier, GPS Equipments, Computer table, Printer, Scanner, Multimedia Projector, Fax Machine, Night Vision Digital Video Recorder, Night Vision Digital Still Camera, Night Vision Binocular, Generator set, Knee length rubber shoes, trekking shoes, Water proof tent, Rain coats, sleeping bags, Sniffer dogs, Brief case for Detection kits എന്നിവ വാങ്ങി യൂണിറ്റിലേക്ക് നൽകിയിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ CCTNS സംസ്ഥാനത്ത് പൊലീസ് സ്റ്റേഷനുകളിൽ കാര്യക്ഷമമായി നടപ്പാക്കി വരുന്നു.

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ 48 ERSS വാഹനങ്ങളിൽ, വാഹനങ്ങളിൽ ഘടിപ്പിക്കുന്ന ക്യാമറകൾ (Vehicle Mounted Cameras) ഘടിപ്പിച്ചിട്ടുള്ളതും ആയവയിൽ Live stream facility ലഭ്യമാക്കിയിട്ടുള്ളതുമാണ്.

ട്രാഫിക് നിയമ ലംഘകരെ കണ്ടെത്തുന്നതിനും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും മറ്റുമായി INTEGRATED DIGITAL TRAFFIC ENFORCEMENT SYSTEM എന്ന പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

7 ജില്ലകളിൽ (TVPM Rural, Kollam Rural, Thrissur Rural, Palakkad, Malappuram, Wayanad, Kasaragod) 725 ലക്ഷം രൂപ ചിലവിൽ Automatic Number Plate Recognition System (ANPR) - System for Border Ceiling സ്ഥാപിച്ചു കഴിഞ്ഞിട്ടുള്ളതാണ്. കൂടാതെ 375 ലക്ഷം രൂപാ ചിലവിൽ കണ്ണൂർ, ഇടുക്കി, കോട്ടയം, എറണാകുളം റൂറൽ, ആലപ്പുഴ, കൊല്ലം സിറ്റി എന്നീ ജില്ലകളിൽ

Automatic Number plate Recognition System (ANPR) - System for Border Celling ന്റെ പണി നടന്നു വരുന്നു.

6 ജില്ലകളിൽ (Thrissur City, Kozhikode City, Kollam City, Kottayam, Alappuzha, Kozhikode Rural) നിലവിലുള്ള CCTV Surveillance System-നു പുറമേ 655.32 ലക്ഷം രൂപ ചിലവിൽ CCTV surveillance system സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. കൂടാതെ കണ്ണൂർ സിറ്റി, മലപ്പുറം, തിരുവനന്തപുരം റൂറൽ എന്നീ 3 ജില്ലകളിൽ 200 ലക്ഷം രൂപ ചിലവിൽ CCTV surveillance System സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ